"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26- കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം-'3D പ്രിന്റിംഗ് പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ' എന്ന പദ്ധതിയ്ക്ക്-തുക റിലീസ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവന നിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.38/2025/HSG തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:- 1. സ.ഉ. (സാധാ) നം. 31/2025/HSG തീയതി 18.07.2025

2. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 26.07.2025-ലെ KESNIK/537/2025/OA-5(ACTS) നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാന സർക്കാരിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2216-80-101-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 150 ലക്ഷം രൂപ വിനിയോഗിച്ച് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ '3D പ്രിന്റിംഗ് പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്.

2. പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപ റിലീസ് ചെയ്ത് നല്കണമെന്ന് പാർമർശം (2) പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ '3D പ്രിന്റിംഗ് പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ' എന്ന പദ്ധതിയ്ക്ക് ആദ്യ ഗഡുവായി 2216-80-101-99 എന്ന ശീർഷകത്തിൽ ₹20,00,000/- (ഇരുപതു ലക്ഷം രൂപ മാത്രം) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

4. അടുത്ത റിലീസിനുള്ള ശിപാർശയോടൊപ്പം 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ആദ്യ ഗഡുവിന്റെ ധനവിനിയോഗ സാക്ഷ്യപത്രം , ചെലവ് സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് , പദ്ധതിയുടെ അതുവരെയുള്ള പ്രവർത്തി പുരോഗതി റിപ്പോർട്ട് എന്നിവയും അടിയന്തരമായി ആവശ്യമായ തുകയുടെ വിവരങ്ങളും കൂടി ലഭ്യമാക്കേണ്ടതും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതുമാണ്.

1.16.04.2018-ലെ സ. ഉ. (പി) നം. 62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2. 09.12.2008-ലെ സർക്കുലർ നം. 84/2008/ധന-യിലെയും 30.01.2018-ലെ സർക്കുലർ നം.

08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
2. ഹൗസിംഗ് കമ്മീഷണർ, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്) കേരള, തിരുവനന്തപുരം.
5. ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (3247148/WW-WW1/123/2025-FIN dated 26.09.2025)
6. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
7. ഐ & പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

Date:04-10-2025 10:32:17